(ഡി) 2014-15 വർഷത്തിൽ കേരസമൃദ്ധി പദ്ധതിക്കായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള പദ്ധതി മാർഗ്ഗരേഖ കൃഷിഭവൻ തലം വരെ ലഭ്യമാക്കിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ യോഗങ്ങളും, ജില്ലാതലത്തിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് ചർച്ച ചെയ്യുകഴിഞ്ഞു. മാസംതോറും പദ്ധതി അവലോകനവും നടന്നുവരുന്നു. കൂടാതെ ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരും ജില്ലാതല ഉദ്യോഗസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പും പുരോഗതിയും അവലോകനം ചെയ്തുവരുന്നു.

ഹരിതഗ്രാമം പദ്ധതി

278 (1719) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിൽ ഹരിത ഗ്രാമം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ എവിടെയെല്ലാമാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഹരിതഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള നോഡൽ ഏജൻസിയായി മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകി ആരംഭിച്ചിട്ടുണ്ട്.

(ബി) ഒരു ജില്ലയിൽ ഒരു പഞ്ചായത്ത് എന്ന കണക്കിൽ 14 മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോംവയക്കര, കാസർഗോഡ് ജില്ലയിൽ മൊഗ്റൽ പുത്തൂർ എന്നീ 14 ഗ്രാമപഞ്ചായത്തുകളാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ളത്. മാണിക്കൽ പഞ്ചായത്തിൽ പദ്ധതിക്ക് തുടക്കമിട്ടു

LIBRARY ARCHIVES Kerala Legislative Assembly

(സി) തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും ഹൈടെക് കൃഷി രീതി അവലംബിച്ച് സുരക്ഷിതമായ പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഉറപ്പ് വരുത്തുക, എല്ലാ വീടുകളിലും സൗരോർജ്ജ പാനൽ, മഴവെള്ള സംഭരണി, ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി അതുവഴി പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുക, വാഴ, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക, ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പ് വരുത്തുക, വൃത്തിയുള്ള പരിസ്ഥിതി-സൗഹൃദ ആവാസ വ്യവസ്ഥ ഉറപ്പുവരുത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീ ശാക്തീകരണം, കർഷക സമൂഹത്തിന്റെ ആദായം വർദ്ധിപ്പിക്കുക, അവരുടെ ജീവിത നിലവാരം ഉയർത്തുക, തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിനെയും ഓരോ മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ ആക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

കാസർഗോഡ് ജില്ലയിലെ കാർഷിക വരുമാനം

279 (1720) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ കൃഷിത്തോട്ടങ്ങളിലെ കഴിഞ്ഞ മൂന്ന വർഷത്തെ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഉല്പന്നങ്ങളുടെ ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

അമ്പലപ്പുഴ മണ്ഡലത്തിലെ കൃഷി വകുപ്പ് ഓഫീസുകൾ

280 (1721) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ എത്ര ഓഫീസുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly